**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1618** **19-09-2025 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി മണ്ഡലത്തിൽ റെയിൽവേ മേൽപ്പാലങ്ങൾക്കുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി മണ്ഡലത്തിലെ കടുത്തുരുത്തി റെയിൽവേ മേൽപ്പാലം നിർമ്മാണ നടപടികൾ വേഗത്തിലാക്കുന്നതിനായി സ്ട്രക്ച്ചറൽ വാല്യുവേഷൻ നടപടികൾ ഉടൻ പൂർത്തിയാക്കി ഡി. വി. എസ്. തയ്യാറാക്കി ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ; | (എ) | **കടുത്തുരുത്തി റെയിൽവേ മേൽപ്പാലം നിർമ്മാണ** പദ്ധതിയിൽ മുട്ടുചിറ, കടുത്തുരുത്തി വില്ലേജുകളിലായി 21 കൈവശക്കാരാണുള്ളത്. അവാർഡ് തുകയായി 4,90,87,234/- രൂപ RBDCK യിൽ നിന്നും 09.06.2025 തീയതി ലഭിച്ചിട്ടുണ്ട്. ലാൻഡ് റവന്യൂ കമ്മീഷണർ അംഗീകരിച്ച പുനരധിവാസ-പുനഃസ്ഥാപന പാക്കേജ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. 19(1) പ്രഖ്യാപനം 13-08-2025ലെ 2947-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 2013-ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ. നിയമം സെക്ഷൻ 21(2) പ്രകാരം അവാർഡ് എൻക്വയറി നോട്ടീസ് 12/09/2025 തീയതി കക്ഷികൾക്ക് നല്കിയിട്ടുള്ളതും നിശ്ചിത സമയപരിധി പാലിച്ചുകൊണ്ട് 16/10/2025-ൽ ഹിയറിംഗ് നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതുമാണ്. |
| (ബി) | കോതനല്ലൂർ റെയിൽവേ മേൽപ്പാല നിർമ്മാണ പദ്ധതിയുടെ 19(1) പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള സമയപരിധി 20/09/2024 മുതൽ ആറ് മാസത്തേക്ക് നീട്ടി നൽകിയ സാഹചര്യത്തിൽ, പദ്ധതിക്കായി അനുവദിച്ചിരുന്ന കണ്ടിജൻസി ഫണ്ട് കെ. ആർ. ഡി. സി. എൽ. ന്റെ എസ് ടി എസ് ബി 799011400007477 അക്കൗണ്ടിൽ നിന്നും സ്പെഷ്യൽ തഹസിൽദാർ എൽ.എ (ജനറൽ), കോട്ടയത്തിന്റെ എസ് ടി എസ് ബി 708011400000279 അക്കൗണ്ടിലേക്ക് മാറ്റുന്നതിനും കോട്ടയം ജില്ലാ ട്രഷറിയിൽ ഫണ്ട് കൈമാറ്റ നടപടികൾ പൂർത്തീകരിക്കുന്നതിനും, സർവ്വെ നടപടികൾ അവസാനിപ്പിച്ച് എൽ.എ സബ് ഡിവിഷൻ സ്കെച്ച് അംഗീകരി ക്കുന്നതിനും ബി. വി. ആർ. തയ്യാറാക്കുന്ന നടപടികൾ സ്വീകരി ക്കുന്നതിനും സ്വീകരിച്ച | (ബി) | കോതനല്ലൂർ റെയിൽവേ മേൽപ്പാല നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് 18 ലാൻഡ് അക്വിസിഷൻ കേസുകളിലും അവാർഡ് പാസ്സാക്കിയിട്ടുള്ളതാണ്. തുടർന്ന്, 7 ലാൻഡ് അക്വിസിഷൻ കേസുകളുടെ ഭൂമി 27/08/2025 ന് അർത്ഥനാധികാരിയായ KRDCL-ന് കൈമാറി. 2 ലാൻഡ് അക്വിസിഷൻ കേസുകളുടെ ഭൂമി കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. ബാക്കിയുള്ള 9 ലാൻഡ് അക്വിസിഷൻ കേസുകളുടെ അവാർഡ് തുക പാസ്സാക്കുന്നതിനു മുന്നോടിയായിട്ടുള്ള ഫിനാൻസ് വകുപ്പിന്റെ WAMS ക്ലിയറൻസിന് നൽകിയിട്ടുണ്ട്. പദ്ധതിക്കായി അനുവദിച്ചിരിക്കുന്ന കണ്ടിജൻസി ഫണ്ട് KRDCL-ന്റെ 799011400007477 അക്കൗണ്ടിൽനിന്നും സ്പെഷ്യൽ തഹസിൽദാർ, എൽ.എ. ജനറൽ കോട്ടയത്തിന്റെ 84430011799 എന്ന ശീർഷകത്തിലേയ്ക്ക് തുക മാറ്റുന്നതിന് ഫണ്ട് നിലവിലുണ്ടായിരുന്ന ലാൻഡ് |

| | | | |
|---|---|---|---|
| | നടപടികൾ സംബന്ധിച്ച നിലവിലെ അവസ്ഥ വിശദമാക്കാമോ; | | അക്വിസിഷൻ, കിളിമാനൂർ ഓഫീസിൽ നിന്നും ചെക്കും നടപടിക്രമവും കോട്ടയം സബ് ട്രഷറിക്കു നല്കിയിട്ടുണ്ട്. പ്രസ്തുത തുക കോട്ടയം ജില്ലാ ട്രഷറിയിലെ സ്പെഷ്യൽ തഹസിൽദാർ എൽ.എ. ജനറൽ കോട്ടയത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റുന്നതിന് കോട്ടയം സബ് ട്രഷറിയ്ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (സി) | കുറുപ്പന്തറ റെയിൽ ഓവർ ബ്രിഡ്ജ് നിർമ്മാണത്തിനായുള്ള റവന്യൂ നടപടിക്രമങ്ങളിൽ അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (സി) | കുറുപ്പന്തറ റെയിൽ ഓവർ ബ്രിഡ്ജ് നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പോസ്റ്റ് അവാർഡ് ജോലികളാണ് അവശേഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ